ഇ.ജി.1/70798/2019/ആവഡ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി 03/6/2020

## നോട്ടീസ്

വിഷയം - ആരോഗ്യവകുപ്പ് – ജീവനക്കാര്യം –ശ്രീ.അനിൽകുമാർ ജോൺ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പ്രാഥമികാരോഗ്യ കേന്ദ്രം, കുളത്തൂർ - ജില്ലാ മലേറിയ ഓഫീസർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നത് – സംബന്ധിച്ച് .

സൂചന - 1) സ.ഉ(കൈയ്യെഴുത്ത്) നം. 435/94/ആകുവ തീയതി 14/12/1994

2) ഉത്തരവ് നം.ഇ.ജി1/103434/08/ആവഡ തീയതി 22/6/2011, 8/03/2019.

3) സർക്കാർ കത്ത് നമ്പർ എച്ച്2/7/2020/ആ.കു.വ തീയതി 21/4/2020.

ആരോഗ്യവകുപ്പിന്റെ കീഴിൽ ഉള്ള ജില്ല മലേറിയ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകണം എന്നാവശ്യപ്പെട്ട് കുളത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ ജോൺ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ 1/8/2019-ൽ ടി തസ്തികയിൽ ഉണ്ടായ ഒഴിവിലേയ്ക്ക് നിയമിക്കുന്നതിന് സൂചന (3) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ടി തസ്തികയിലേയ്ക്കുള്ള നിയമനം സൂചന (1) പ്രകാരമുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നടത്തുന്നത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച ജില്ല മലേറിയ ഓഫീസർ തസ്തികയിലേയ്ക്ക് യോഗ്യരായവരുടെ ലിസ്റ്റിൽ നിന്നുമാണ് 31/7/2019 വരെ നിയമനങ്ങൾ നടത്തിയിരുന്നത്.

ശ്രീ.അനിൽകുമാർ ജോണിനെ ജില്ല മലേറിയ ഓഫീസർ തസ്തികയിൽ 1/8/2019 ൽ ഉണ്ടായ ഒഴിവിലേയ്ക്ക് നിയമിക്കുവാൻ സർക്കാർ നിർദ്ദേശിച്ച സാഹചര്യത്തിൽ ടിയാനെ സൂചന (2) പ്രകാരം പുറപ്പെടുവിച്ച ലിസ്റ്റിൽ 7(A) ആയി ഉൾപ്പെടുത്തുവാൻ താൽക്കാലികമായി തീരുമാനിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Rank No | Name | Date of Birth | Designation | Present Station | Qualification | | Date of Commencement of service | Scale of pay |
|---|---|---|---|---|---|---|---|---|---|
| | | | | | | Academic | Technical | | |
| 7(A) | 468 | Anilkumar John | 31/5/69 | HI | PHC Kulathur | BSC Botany | HIC | 23/6/95 | 8390-13270 |

ഇതിൽ ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം ഉചിതമാർഗ്ഗേന രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഇല്ല എന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്,
ഡോ.വി.മീനാക്ഷി
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)

സ്വീകർത്താവ്

1) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി,
കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്
വയനാട്, കണ്ണൂർ, കാസർഗോഡ്..

2) ഫയൽ/കരുതൽ ഫയൽ.

// അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.വി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആരോഗ്യകുടുംബക്ഷേമ (എച്ച്) വകുപ്പ്

നമ്പർ.എച്ച്2/7/2020/ആകവ

21/04/2020,തിരുവനന്തപുരം

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സർ,

വിഷയം:- ശ്രീ . അനിൽ കുമാർ ജോൺ , ഹെൽത്ത് ഇൻസ്പെക്ടർ, ബഹുമാനപ്പെട്ട K.A.T. മുമ്പാകെ ഫയൽ ചെയ്ത 1754/19 - നമ്പർ ഹർജിയിലെ വിധി ന്യായം നടപ്പാക്കുന്നതിന് - നിർദ്ദേശങ്ങൾ നല്കുന്നത് സംബന്ധിച്ച് .

സൂചന:- താങ്കളുടെ 29/10/2019 ലെ ഇ ജി1/70798/2019/ഡി എച്ച് എസ് നം കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. 2011-ലെ ജില്ലാ മലേറിയ ഓഫീസർ തസ്തികയിലേയ്ക്കുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശ്രീ . അനിൽ കുമാർ ജോൺ അപേക്ഷ നല്കിയിരുന്നില്ല എന്ന കാരണം ഒഴിച്ച്, ടിയാൻ 2011-ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാനുള്ള യോഗ്യതകൾ (14/12/94 ലെ സ.ഉ.(എം.എസ്) 435/94/ആ.കു.വ.- പ്രകാരമുള്ളത്) നേടിയിട്ടുണ്ടായിരുന്നപക്ഷം ശ്രീ.അനിൽ കുമാർ ജോണിനെ 01.08.2019- ൽ ജില്ലാ മലേറിയ ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,
PRASEETHA K C
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.